# 24

ഉയിർത്തെഴുന്നേററു, ഹല്ലേലുയ്യാ - ജയിച്ചെഴുന്നേററു
ഉർവ്വിയെ ജയിച്ച ക്രിസ്തുനാഥനെൻ സ്വന്തമായ് തീർന്നു

1. കല്ലറ തുറന്നീടവേ
രാജസേവകർ ഭയന്നീടവേ
വല്ലഭനേശു ഉയിർത്തെഴുന്നേററു
സ്വർഗ്ഗപിതാവിൻ മഹിമയിതേ ഉയിർ..

1. മരിച്ചവരുടെ ഇടയിൽ
ജീവനാഥനെ തേടുകയോ
നീതിയിന്നധിപതി ഉയിർത്തെഴുന്നേററു
നിത്യമാം ജീവനെ നൽകീടുവാൻ ഉയിർ..

2. മരണമേ വിഷമെവിടെ?
പാതാളമേ ജയമെവിടെ?
മരണത്തെ ജയിച്ചവൻ ഉയിർത്തെഴുന്നേററു
പാതാള വൈരിയെ ജയിച്ചവനായ് ഉയിർ..

3. ആത്മാവിൽ ഇന്നുമെന്നും
ഹാ നമ്മെയും ഉയിർപ്പിച്ചവൻ
ആത്മാവിൻ വാഗ്ദത്തം നമുക്കവൻ തന്നു
ഹല്ലേലുയ്യാ സ്തുതി പാടീടുവോം ഉയിർ..